KCHR Live
via FACEBOOK

past for a positive future

# ശാസ്ത്രീയ സംരക്ഷണരീതികൾ

## ശ്രീ. രാജാ രവിവർമ്മയുടെ എണ്ണച്ഛായാ ചിത്രങ്ങൾ




വിഷയാവതരണം

**ശ്രീ. എം. നാരായണൻ നമ്പൂതിരി**

കൺസർവേഷൻ ലാബ് കൺസൽട്ടന്റ്, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്

അധ്യക്ഷൻ

**പ്രൊഫസർ പി. കെ. മൈക്കിൾ തരകൻ**

ചെയർമാൻ, കെ സി എച്ച് ആർ

**ജനുവരി 19, 2021, ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക്**

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക

www.kchr.ac.in/articles/214

## കേരള ചരിത്ര ഗവേഷണ കൗൺസിൽ

തിരുവനന്തപുരം | www.kchr.ac.in

# ശാസ്ത്രീയ സംരക്ഷണരീതികൾ
## ശ്രീ. രാജാ രവിവർമ്മയുടെ എണ്ണച്ഛായാ ചിത്രങ്ങൾ

---

ശ്രീ. രാജാ രവിവർമ്മയുടെ ആദ്യകാല ചിത്രങ്ങൾ കേരളത്തിലെ വിവിധയിടങ്ങളിൽ സ്വകാര്യ ശേഖരമായി ഇന്നും നിലനിൽക്കുന്നു. അജ്ഞതയും അശാസ്ത്രീയ സംരക്ഷണവും മൂലം ഇന്ന് പല ചിത്രങ്ങളും നാശത്തിന്റെ വക്കിലാണ്. ഇവ ശാസ്ത്രീയമായി സംരക്ഷിക്കേണ്ടതിന് നാം അതീവ ശ്രദ്ധാലുക്കളാകേണ്ടതുണ്ട്. തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിലെ രവിവർമ്മയുടെ ആദ്യകാല ചിത്രങ്ങളും (ജടായു വധം, ദെയർ കംസ് പപ്പ, ശകുന്തള, സീത, മഹാരാഷ്ട്ര വനിത, ബാത്തിങ്ങ് ലേഡി, എ ലേഡി വിത്ത് വീണ) കൽക്കട്ടയിലെ വിക്ടോറിയ മെമ്മോറിയൽ ഹാളിൽ ശേഖരത്തിലുള്ള മാധവറാവുവിന്റെ ഛായാ ചിത്രവും മാതൃകയാക്കികൊണ്ട് എണ്ണച്ഛായാ ചിത്രങ്ങളുടെ ശാസ്ത്രീയ സംരക്ഷണരീതികളെ അവതരിപ്പിക്കുന്നു.



## ശ്രീ. എം. നാരായണൻ നമ്പൂതിരി

ശ്രീ. എം. നാരായണൻ നമ്പൂതിരി, മഹാരാജാ സയാജിറാവു യൂണിവേഴ്സിറ്റി ബറോഡയിൽ നിന്നും ഫൈൻ ആർട്സിൽ അഞ്ചുവർഷത്തെ ഡിപ്ലോമയും പിന്നീട് നാഷണൽ മ്യൂസിയം നാച്ചുറൽ ഹിസ്റ്ററി ന്യൂ ഡൽഹിയിൽ നിന്ന് പത്ത് മാസത്തെ പരിശീലനവും നേടി. 1985 മുതൽ 1989 വരെ നാഷണൽ മ്യൂസിയം ന്യൂഡൽഹിയിൽ എണ്ണച്ഛായാ ചിത്രങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റായി ജോലി ചെയ്തു. 1989 മുതൽ 2012 വരെ കൽക്കട്ടയിലെ വിക്ടോറിയ മെമ്മോറിയൽ ഹാളിൽ പ്രവർത്തിച്ചു. ദീർഘകാലത്തേ പ്രവർത്തന കാലയളവിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട മ്യൂസിയങ്ങളിലും ആർട്ട് ഗാലറികളിലും ചിത്രങ്ങളുടെ സംരക്ഷണ ദൗത്യം നിർവഹിക്കുക ഉണ്ടായി. പ്രധാന ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങളിൽ ബംഗാളിലെ വർധമാൻ യൂണിവേഴ്സിറ്റിയുടെ ശേഖരത്തിലുള്ള ലോർഡ് കഴ്സൺന്റെ "*Lord Curzon visiting Vardhaman*" ചിത്രവും കൽക്കട്ട ഹൈക്കോടതിയുടെ ശേഖരത്തിലുള്ള ചിത്രങ്ങളും, രാഷ്ട്രപതി ഭവനത്തിലെയും, ത്രിപുര രാജ്ഭവനിലെയും ചിത്രങ്ങളും ഉൾപ്പെടുന്നു. 2012 മുതൽ ശ്രീ. രാജാ രവിവർമ്മയുടെ ഇരുപത്തി രണ്ടോളം എണ്ണച്ഛായാ ചിത്രങ്ങളുടെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. എണ്ണച്ഛായാ ചിത്രങ്ങളുടെ ശാസ്ത്രീയ സംരക്ഷണമേഖലയിൽ സേവനം ചെയ്യുന്നതോടൊപ്പം തന്നെ ദേശീയതലത്തിൽ പതിനാറോളം ചിത്രപ്രദർശനങ്ങൾ തനിയെ ചെയ്തുകൊണ്ട് ചിത്രകലയിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം കുതിരമാളിക മ്യൂസിയത്തിലെ ചിത്രങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണ പ്രവർത്തനങ്ങളും പ്രദർശന വസ്തുക്കളുടെ ക്രമീകരണ മേൽനോട്ടവും നിർവഹിച്ചു. ശ്രീ. രാജാരവിവർമ്മയുടെ ചിത്രങ്ങളുടെ സംരക്ഷണത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിന് 2014–ൽ ഇന്ത്യ ഗവൺമെന്റ് സാംസ്കാരിക വകുപ്പിൽ നിന്നും 2 വർഷത്തേക്ക് സീനിയർ ഫെല്ലോഷിപ്പ് ബഹുമതിയായി ലഭിച്ചിട്ടുണ്ട് . നിലവിൽ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ കൺസർവേഷൻ ലാബിന്റെ കൺസൽട്ടന്റ് ആയിട്ടും തൃപ്പൂണിത്തുറ പൈതൃക പഠന കേന്ദ്രത്തിൽ കൺസർവേഷൻ വിഭാഗത്തിൽ അധ്യാപകനായും സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.